# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 6230

08/07/2014ൽ മറുപടി
നൽകേണ്ടിയിരുന്നത്
<u>അന്തിമ മറുപടി</u>

### കമ്പനി/കോർപ്പറേഷൻ സ്ഥാപനങ്ങളിലെ ക്ലാർക്ക്-കം-ടൈപ്പിസ്റ്റ് തസ്തികയിലെ നിയമനങ്ങൾ

| ചോദ്യം : | ഉത്തരം : |
| --- | --- |
| ശ്രീ. എം.ഹംസ | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) കമ്പനി/കോർപ്പറേഷൻ സ്ഥാപനങ്ങളിലേക്ക് ക്ലാർക്ക് കം-ടൈപ്പിസ്റ്റ് തസ്തികയുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ എത്ര പേരെ പ്രസ്തുത ലിസ്റ്റിൽ നിന്ന് നിയമിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) പ്രസ്തുത റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. ഇതുവരെ 70 ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ ചെയ്തിട്ടുണ്ട്. |
| (ബി) നിലവിൽ എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തുകിട്ടിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) നിലവിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല. |
| (സി) മുഴുവൻ ഒഴിവുകളിലേക്കും നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നടത്താൻ ഉടൻ നടപടി സ്വീകരിക്കുമോ; | (സി) ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നുണ്ട്. |
| (ഡി) സപ്ലിമെന്ററി ലിസ്റ്റിൽ നിന്ന് ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ; നിയമനം നടത്താൻ സാധ്യതയുണ്ടോ എന്ന് വ്യക്തമാക്കുമോ ? | (ഡി) സപ്ലിമെന്ററി ലിസ്റ്റിൽ നിന്നും നിലവിൽ 24 ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. സംവരണതത്വങ്ങളുടെ അടിസ്ഥാനത്തിൽ മെയിൻ ലിസ്റ്റിൽ സംവരണ വിഭാഗങ്ങൾ ഇല്ലാതെ വരുമ്പോൾ മാത്രമാണ് സപ്ലിമെന്ററി ലിസ്റ്റിൽ നിന്നും നിയമന ശിപാർശ നടത്താറുള്ളത്. |

**സെക്ഷൻ ഓഫീസർ**